"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊണ്ടോട്ടി നഗരസഭയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അനിൽകുമാറിനെതിരായ അച്ചടക്ക നടപടി - 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1355/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 19/07/2021

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 20/04/2017 തീയതിയിലെ E 26(VC 5/17/MPM/UAS) 3002/2017 കത്ത്.

2 സർക്കാരിന്റെ 25/11/2019 തീയതിയിലെ ഇപിബി3/49/2019/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. അനിൽകുമാർ. ആർ ന്റെ 25.06.2020 തീയതിയിലെ എതിർവാദ പത്രിക.

4 പഞ്ചായത്ത് ഡയറക്ടറുടെ 15/09/2020 തീയതിയിലെ PAN/16241/2019-D4(DP) നമ്പർ കത്ത്.

ഉത്തരവ്

കൊണ്ടോട്ടി നഗരസഭയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ കൊണ്ടോട്ടി കവിത തീയേറ്ററിൽ നിന്നും വിനോദ നികുതി പിരിക്കുന്നതിൽ വന്ന ക്രമക്കേടിൽ 5,70,583 രൂപയുടെ നഷ്ടം വന്നിട്ടുള്ളതായി വിജിലൻസ് കണ്ടെത്തിയിതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.അനിൽ കുമാർ.കെ. നിലവിൽ പഞ്ചായത്ത് വകുപ്പിലായതിനാൽ ടിയാനെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ.അനിൽ കുമാർ.കെ.പരാമർശം (3) പ്രകാരം മറുപടി സമർപ്പിക്കുകയുണ്ടായി. ശ്രീ.അനിൽ കുമാർ.കെ. സമർപ്പിച്ച എതിർവാദ പത്രികയിൽ ഇപ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാൻ കൊണ്ടോട്ടി നഗരസഭയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് പുതിയതായി രൂപീകരിച്ച ടി നഗരസഭയിൽ വാർഡ് വിഭജനം നടക്കുന്ന സമയമായിരുന്നു എന്നും കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന്റെ അധിക ചുമതല കൂടി ടിയാന് നൽകുകയുണ്ടായി എന്നും മേൽ സാഹചര്യത്തിലും നഗരസഭയിലെ 40 വാർഡുകളിലേയും വോട്ടേഴ്സ് ലിസ്റ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചുവെന്നും എല്ലാ ജീവനക്കാരും അവധി ദിവസങ്ങളിലും ഓഫീസ് സമയത്തിനുശേഷവും കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടതു കൊണ്ട് മാത്രമാണ് ഇത്തരത്തിൽ സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞത് എന്നും ടിയാൻ അറിയിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിൽ സൂചിപ്പിച്ചിട്ടുള്ള കവിതാ തീയേറ്ററിന്റെ പരിശോധന ചുമതല ശ്രീ.രാജേഷ് എന്ന ക്ലാർക്കിനായിരുന്നുവെന്നും ഇത് കൂടാതെ 8 ഡിവിഷനുകളുടെ നികുതി പിരിവ് ചുമതല കൂടി ടിയാന് ഉണ്ടായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. വിനോദ നികുതി അടയ്ക്കുന്നതിലെ കുറവായി കണ്ടെത്തിയ തുക 5,70,853/- രൂപ മുൻസിപ്പൽ കൗൺസിലിന്റെ തീരുമാന പ്രകാരം 8 ഗഡുക്കളായി നഗരസഭയിൽ അടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ടി തുക 6/2019 മുതൽ തീയേറ്റർ ഉടമ നഗരസഭയിൽ അടയ്ക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും ആയതിനാൽ ടി വിഷയത്തിൽ നഗരസഭയ്ക്കോ സർക്കാരിനോ സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അനിൽ കുമാറിനെതിരെ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മുൻപായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.അനിൽ കുമാറിനെതിരായ ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പരാമർശം 1,2,3 എന്നിവയുടെ പകർപ്പുകൾ സഹിതം)

2.ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5.പ്രസിഡന്റ്/സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്

6.ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7.വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 19-07-2021 16:52:30
Reason: Approved
സെക്ഷൻ ഓഫീസർ